ശ്രീ. കെ. കുഞ്ഞമ്പു : ആ വിവരം ലിസ്റ്റിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ഇ. ബലറാം : വിതരണം ചെയ്തിട്ടുള്ള ബോട്ടുകളിൽ ചിലതിന്റെ മെഷീനു് തകരാറു സംഭവിച്ചിട്ടുള്ളതായി അറിയാമോ ; അങ്ങനെയുള്ള ബോട്ടുകളുടെ കുഴപ്പം തീർക്കാൻ ആവശ്യമായ സഹായം ഗവണ്മെന്റു നൽകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ കാര്യത്തെപ്പറ്റി ഒരു പെറ്റിഷൻ തരികയുണ്ടായിട്ടുണ്ടു്. ഈ കാര്യം പ്രത്യേകം പരിശോധിച്ചുവരികയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പ്രത്യേക ട്രെയിനിംഗു് കഴിഞ്ഞിട്ടുള്ളവർക്കാണോ യന്ത്രവൽകൃതബോട്ടുകളും കൊടുത്തിട്ടുള്ളതു് ?

ശ്രീ. കെ. കുഞ്ഞമ്പു : പ്രത്യേക പരിശീലനം കഴിഞ്ഞിട്ടുള്ളവർക്കാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. എം. കൃഷ്ണൻ : ഓരോ ജില്ലയിലും എത്ര ബോട്ടുകൾ വീതം കൊടുത്തിട്ടുണ്ടു് ?

ശ്രീ. കെ. കുഞ്ഞമ്പു : ഓരോ ജില്ലയിലും കൊടുത്തിട്ടുള്ളതിന്റെ വിവരം ലിസ്റ്റിലുണ്ടു്. കോഴിക്കോട്ടു ജില്ലയിൽ നാലു ബോട്ടുകൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ : ബോട്ടുകൾ റിപ്പയർചെയ്യുന്നതിനു് എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുമോ ; അതുപോലെതന്നെ സ്പെയർ പാർട്ടുകൾക്കു വളരെ വിലക്കൂടുതൽ ഉള്ളതുകൊണ്ടു്, സ്പെയർ പാർട്ടുകൾതന്നെ കൊടുക്കാൻ വേണ്ട ഏർപ്പാടുചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ബോട്ടുകൾ കൊടുത്തുകഴിഞ്ഞാൽ, റിപ്പയറുംമറ്റും അവർതന്നെ നടത്തണമെന്നാണു് വ്യവസ്ഥ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ആർക്കെങ്കിലും ഒന്നിലധികം ബോട്ടുകൾ കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആകട്ടെ ?

ശ്രീ. കെ. കുഞ്ഞമ്പു : നോട്ടീസു് വേണം.

ശ്രീ. കെ. സി. ഏബ്രഹാം : മേജർ റിപ്പയർ വല്ലതും വേണ്ടിവന്നാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കു നിവ്വഹിക്കാൻ പ്രയാസമുള്ളതുകൊണ്ടു് അതിനു വല്ല സൗകര്യവും ചെയ്തുകൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ആലോചിക്കാം.

ജവാന്മാരുടെ കുടുംബങ്ങൾക്കു് നൽകുന്ന സൗജന്യങ്ങൾ

* 528. [12] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) പട്ടാളത്തിൽ പോയവരുടെ കുടുംബാംഗങ്ങൾക്കു് എന്തെല്ലാം തരത്തിലുള്ള സൗജന്യങ്ങളാണു് ഈ സ്റ്റേറ്റിൽ ഇപ്പോൾ അനുവദിച്ചുവരുന്നതു് ;

(ബി) കേന്ദ്രഗവണ്മെന്റു് നിർദ്ദേശിച്ച എന്തെങ്കിലും ആനുകൂല്യങ്ങൾ ഇനിയും ഈ സ്റ്റേറ്റിൽ അനുവദിച്ചുകൊടുക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്തു് ;

(സി) ഇവ അനുവദിച്ചുകൊടുക്കുന്നതിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികളെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ജവാന്മാരുടെ കുടുംബാംഗങ്ങൾക്ക് അനുവദിച്ച ആനുകൂല്യങ്ങളെ സ്സംബന്ധിച്ചുള്ള വിവരങ്ങൾ മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

(ബി) ഉണ്ട്. ടി. ടി. സി., ബി. എഡ്., ഹിന്ദി ട്രെയിനിംഗ് എന്നീ കോഴ്സുകൾക്ക് തിരഞ്ഞെടുക്കുന്ന ജവാന്മാരുടെ ഭാര്യമാർക്ക് അവരുടെ ട്രെയിനിംഗ് കാലത്തു സ്റ്റൈപ്പെൻറ് കൊടുക്കണമെന്ന കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. അച്യുതമേനോൻ : ജവാന്മാരുടെ കുട്ടികൾക്ക് ഫീസുസൗജന്യം കൊടുക്കുമെന്നു പറയുന്നു. അർഹതയുള്ള കുട്ടികൾ അപേക്ഷകൾ കൊടുത്തിട്ട് ഇതുവരെ അതു് അനുവദിച്ചിട്ടില്ല. വർഷാവസാനപരീക്ഷ തുടങ്ങാൻ പോകുകയാണ്. കൊടുത്തുപോയ ഫീസ് ഇതുവരെ തിരിച്ചു കിട്ടാത്ത കുട്ടികളെ സംബന്ധിച്ചിടത്തോളം പരിശോധിച്ച് വേണ്ട നടപടി നടത്തുമോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പരാതിയൊന്നും കിട്ടിയിട്ടില്ല. ഏതെങ്കിലും പ്രത്യേക കേസ് ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹാരം ഉണ്ടാക്കാം.

ശ്രീ. കെ. ഹസൻഗനി : ജവാന്മാരുടെ കുടുംബാംഗങ്ങൾക്ക് ഉദ്യോഗം ഉണ്ടെങ്കിൽ കുടുംബകാര്യങ്ങൾ നോക്കുന്നതിനു് അവരവരുടെ സ്വദേശങ്ങളിൽ സ്ഥലംമാറ്റം കൊടുക്കുന്ന കാര്യത്തിനു് മുൻഗണന നൽകുമെന്നുണ്ട്. വളരെയേറെ അപേക്ഷകൾ ഇനിയും തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നുണ്ട്. അതിന്മേൽ ഉടനെ വേണ്ട നടപടി എടുക്കാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ നിർദ്ദേശം എല്ലാ ഡിപ്പാർട്ടുമെൻറുകൾക്കും കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എത്ര ജവാന്മാരുടെ ഭാര്യമാർ സെക്കണ്ടറി ട്രെയിനിംഗിനു അപേക്ഷിച്ചിട്ടുണ്ട്; എത്രപേരെ എടുത്തിട്ടുണ്ട്?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. കെ. ആർ. വിജയൻ : പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ചുകൊടുക്കുമ്പോൾ ജവാന്മാരുടെ കുടുംബങ്ങൾക്ക് മുൻഗണന നൽകുമെന്നുണ്ട്. താലൂക്ക് ആഫീസറന്മാർക്ക് കളക്ടർമാരുടെ നിർദ്ദേശം കിട്ടിയിട്ടില്ലെന്നുള്ള കാരണത്താൽ ഇത്തരം അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടപ്പുണ്ട്. ഉടനെ തന്നെ കർശനമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ബന്ധപ്പെട്ട ആഫീസർമാർക്കും, ഉദ്യോഗസ്ഥന്മാർക്കും ഈ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് ഈ കുറ്റം വന്നതെന്നു മനസ്സിലാകുന്നില്ല. പ്രത്യേക സംഗതി വല്ലതും ചൂണ്ടിക്കാണിച്ചാൽ പരിഹാരം ഉണ്ടാക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ജവാന്മാരുടെ സന്തതികൾക്ക് ഫീസാനുകൂല്യം നൽകുന്നതിനുള്ള കല്പന പാസ്സാക്കിയിട്ടുണ്ടെന്നു പറയുന്നു. ഈ പ്രശ്നം ഇതിനു മുൻപുതന്നെ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. കാളേജുകളിൽ ഇതുവരെ ഇതുസംബന്ധിച്ച കല്പന കിട്ടിയിട്ടില്ലെന്നാണറിയുന്നതു്. ഉടനെതന്നെ ഈ കാര്യം അന്വേഷിച്ച് വേണ്ട പരിഹാരമുണ്ടാക്കുമോ ?

ശ്രീ. ആർ. ശങ്കർ : അന്വേഷിക്കാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ജവാന്മാരുടെ കുടുംബാംഗങ്ങൾ എന്നു പറഞ്ഞാൽ ഈ ആനുകൂല്യം വളരെയധികം ദുരുപയോഗപ്പെടുത്താൻ ഇടയുണ്ട്. ആരൊക്കെയാണ് കുടുംബാംഗങ്ങളിൽ പെടുന്നവർ ?

* Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : വിവാഹം കഴിഞ്ഞിട്ടില്ലാത്ത സഹോദരിമാർ, സഹോദരന്മാർ, കുട്ടികൾ.

ശ്രീ. എ. എം. മത്തായി : പട്ടാളത്തിൽപോയി, യുദ്ധത്തിൽ മരിക്കുന്ന ജവാന്മാരുടെ കുട്ടികൾക്ക് ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. ഹോസ്റ്റലിൽ താമസിക്കുന്നതിനു പ്രത്യേകം ആനുകൂല്യം വല്ലതും നൽകുമോ ?

ശ്രീ. ആർ. ശങ്കർ : ഹോസ്റ്റൽ ഫീസിൽ സൗജന്യം നൽകുന്നതിനു ഇപ്പോൾ വ്യവസ്ഥയില്ല. മറ്റു സൗജന്യങ്ങൾ ഉണ്ട്. അതിനും പുറമേ, യുദ്ധരംഗത്തുവച്ചു മരിച്ചുപോകുന്ന ജവാന്മാർക്ക് ലംപ്സമായിട്ട് ഒരു ധനസഹായം ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ആ കാര്യത്തിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടം

* 529. [13] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ജീവനക്കാരുടെ അവശതകളെ സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മെമ്മോറാണ്ടത്തിൽ പറയുന്ന നിവേദനങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. തീരുമാനമെടുക്കുന്നതിനു് ഒട്ടും കാലതാമസം ഉണ്ടാകുകയില്ല.

ശ്രീ. പി.ആർ. ഫ്രാൻസിസ് : മെമ്മോറാണ്ടം സമർപ്പിച്ചിട്ട് ഒരുമാസം കഴിഞ്ഞിട്ടും അതിന്മേൽ അവസാനതീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നതെന്താണ് ?

ശ്രീ. കെ. ടി. അച്യുതൻ : ഇതു് ഒരു ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ് ആയതുകൊണ്ട്, കൗൺസിൽ ആഫ് മിനിസ്റ്റേഴ്സുവേണം ഒരു അവസാന തീരുമാനം എടുക്കാൻ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ; എന്തെല്ലാം ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട് ?

ശ്രീ. കെ. ടി. അച്യുതൻ: അവസാനതീരുമാനം ഇതുവരെ എടുത്തിട്ടില്ല ഡിമാൻഡുകൾ വളരെയുണ്ട്. മുപ്പതോളം ഡിമാൻഡുകളാണുള്ളതു്. ശമ്പളം കൂട്ടുന്നകാര്യത്തിലും. സർവ്വീസിനെ സംബന്ധിച്ചും ഡിമാൻഡുകൾ ഉണ്ട്. ദിവസശമ്പളവ്യവസ്ഥമാറ്റി കൺടക്റ്റേഴ്സിനെയും, ഡ്രൈവർമാരേയും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതു് ഗവണ്മെന്റ് അനുഭാവപൂർവ്വം പരിഗണിച്ചുവരികയാണ്.

ശ്രീ. പി. രവീന്ദ്രൻ : സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ മെമ്മോറാണ്ടത്തെപ്പറ്റിയാണ് ഇപ്പോൾ പറഞ്ഞതു്. ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിൽ വല്ല കോൺഫറൻസും നടത്തിയോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to Starred Question* No. 528 (12)]

ജവാന്മാരുടെ കുടുംബാംഗങ്ങൾക്ക അനുവദിച്ച ആനുകൂല്യങ്ങൾ

1. സാമ്പത്തിക സഹായം: അടിയന്തിരവും അർഹതയുള്ളതുമായ സംഗതികളിൽ താഴെ പറയുന്ന രീതിയിൽ സാമ്പത്തികസഹായം സംസ്ഥാന ഗവണ്മെന്റു നൽകിയിരുന്നു.

(1) പ്രതിരോധ സർവ്വീസിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കെ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്കു/ആശ്രിതർക്കു 500 രൂപയും, (2) അതിർത്തി സംരക്ഷണജോലികളിൽ ഏർപ്പെട്ടിരിക്കെ കാണാതായെന്നു റിപ്പോർട്ടു ചെയ്യപ്പെട്ട പ്രതിരോധസർവ്വീസു ജീവനക്കാരുടെ കുടുംബങ്ങൾക്കു/ആശ്രിതർക്കു 75 രൂപ മുതൽ 300 രൂപവരെയുള്ള തുകയും.

2. അടുത്ത ബന്ധുക്കളെ സ്വദേശങ്ങളിലേക്കു സ്ഥലം മാറ്റം ചെയ്യൽ: നിലവിലുള്ള ഉത്തരവുകളനുസരിച്ചു ഡിസ്ട്രിക്ടിസ്ഥാനത്തിൽ ഒരു പ്രത്യേക ഡിസ്ട്രിക്ടിൽ നിയമിതരായവരെ മറ്റൊരു ഡിസ്ട്രിക്ടിലേക്കു സ്ഥലം മാറ്റം ചെയ്യാൻ പാടില്ല. ഇപ്പോഴത്തെ അടിയന്തിരാവസ്ഥ പ്രമാണിച്ചു പട്ടാളത്തിൽ സേവനമനുഷ്ഠിക്കുന്നവരുടെ ഭാര്യമാർക്കു അവരുടെ സ്വന്തം ഡിസ്ട്രിക്ടിലേയ്ക്കു സ്ഥലം മാറ്റം കിട്ടുന്നതിനായി അവരെ മേൽപ്പറഞ്ഞ ഉത്തരവിൽ നിന്നു ഒഴിവാക്കിക്കൊണ്ടു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു. പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റു മേധാവികൾക്കു അവരുടെ ഡിപ്പാർട്ടുമെന്റിലുള്ള കീഴുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള സ്ഥലം മാറ്റം അനുവദിക്കുവാൻ അധികാരം കൊടുത്തിട്ടുണ്ടു. മറ്റു സംഗതികളിൽ ഗവണ്മെന്റിന്റെ അനുമതി ആവശ്യമാണു. ഇപ്പോഴത്തെ അടിയന്തിരാവസ്ഥ അവസാനിക്കുന്നതുവരെ ഈ ആനുകൂല്യം ലഭിക്കുന്നതാണു.

പട്ടാളക്കാരുടെ കുടുംബങ്ങൾക്കുള്ള ആനുകൂല്യം എന്ന നിലയ്ക്കു അവരുടെ അടുത്ത ബന്ധുക്കൾക്കു തങ്ങളുടെ സ്വദേശത്തേയ്ക്കു സ്ഥലം മാറ്റം കിട്ടുന്നതിനുള്ള അഭ്യർത്ഥന അനുകമ്പയോടുകൂടി പരിഗണിക്കേണ്ടതാണെന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു.

അദ്ധ്യാപകരായ ജവാന്മാരുടെ ഭാര്യമാർ ആവശ്യപ്പെടുന്ന സ്ഥലത്തേയ്ക്കു സ്ഥലം മാറ്റം കൊടുക്കുവാൻ ഉത്തരവായിട്ടുണ്ടു.

3. പാർപ്പിടസൗകര്യം: ഇപ്പോഴത്തെ അടിയന്തിരാവസ്ഥ നിലനിൽക്കുന്ന കാലത്തു സൈനികസേവനം അനുഷ്ഠിക്കുന്ന സിവിൽ ഗവണ്മെന്റു ജീവനക്കാരുടെ കുടുംബങ്ങൾക്കു പാർപ്പിടസൗകര്യം—അനെയുള്ള കുടുംബങ്ങൾ തങ്ങൾ പാർക്കുന്ന ഗവണ്മെന്റു കെട്ടിടങ്ങൾ ഒഴിഞ്ഞുകൊടുക്കേണ്ടതായി വരുന്നതിനുമുമ്പു തങ്ങൾ താമസിക്കുന്നതിനു തീരുമാനിക്കുന്ന സ്ഥലങ്ങളിൽ ന്യായമായ വാടകയ്ക്കു പാർപ്പിടസൗകര്യങ്ങൾ ലഭ്യമാക്കിത്തീർക്കുവാനായി സാദ്ധ്യമായ എല്ലാ സഹായവും നൽകുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു.

പാർപ്പിടസൗകര്യം സംബന്ധിച്ചിടത്തോളം പട്ടാളത്തിലേയ്ക്കു അയയ്ക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കുടുംബങ്ങളെ, അവർ പാർക്കുന്ന കെട്ടിടം കൈവശം വയ്ക്കുന്നതിനു അനുവദിക്കുകയോ അഥവാ അതിനുപകരം അവർക്കു പറ്റിയ പാർപ്പിടസൗകര്യം ഏർപ്പെടുത്തികൊടുക്കുകയൊ ചെയ്യേണ്ടതു സംസ്ഥാനഗവണ്മെന്റിന്റെ ചുമതലയായിരിക്കുന്നതാണെന്നു ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

4. വിദ്യാഭ്യാസാനുകൂല്യങ്ങൾ: കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ പരിധിയിൽപ്പെടുന്ന ഡിപ്പാർട്ടുമെന്റു വക എല്ലാ സ്കൂളുകളിലും എല്ലാ എയിഡഡു സ്കൂളുകളിലും ഒമ്പതും, പത്തും സ്റ്റാൻഡാഡുകളിൽ പഠിക്കുന്ന ജവാന്മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്കും മറ്റു ആശ്രിതർക്കും (സ്വന്തം സഹോദരന്മാർക്കും, സഹോദരിമാർക്കും, ഭാര്യമാർക്കും) സൗജന്യവിദ്യാഭ്യാസം ഗവണ്മെന്റു അനുവദിച്ചിരിക്കുന്നു. സമരമുഖത്തു പ്രവർത്തിച്ചുകൊണ്ടിരിക്കെ കൊല്ലപ്പെടുകയോ, അംഗഭംഗം സംഭവിക്കുകയോ ചെയ്തിട്ടുള്ള ജവാന്മാരുടെ കുട്ടികൾക്കും ആശ്രിതർക്കും അതുപോലുള്ള ആനുകൂല്യങ്ങളും ആർട്ട്സ് കാളേജുകളിലും സയൻസുകാളേജുകളിലും സൗജന്യവിദ്യാഭ്യാസം നൽകിക്കൊണ്ടുള്ള ആനുകൂല്യങ്ങളും അനുവദിച്ചിരിക്കുന്നു.

ജവാന്മാരുടെ ആശ്രിതർക്കും ബി. എഡ്. കോഴ്സിനു (63-64) 6 സ്ഥാനങ്ങൾ സംവരണം ചെയ്തിരിക്കുന്നു.

ജവാന്മാരുടെ കുടുംബങ്ങൾക്കുവേണ്ടി 63-65 വർഷത്തെ ടി. ടി. സി. കോഴ്സിനു 27 സ്ഥാനങ്ങൾ (ഓരോ റവന്യൂ ഡിസ്ട്രിക്ടിലും 3 സ്ഥാനങ്ങൾ വീതം) സംവരണം ചെയ്തിരിക്കുന്നു.

രാഷ്ട്രത്തിന്റെ പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ സന്താനങ്ങളും ഭാര്യമാരും, അവരെ ആശ്രയിച്ചു കഴിയുന്ന അവിവാഹിതരായ സഹോദരിമാരും ജവാന്റെ കുടുംബാംഗങ്ങൾ എന്ന നിലയിൽപ്പെടുന്നതാണു്.

ജവാന്മാരുടെ പുത്രന്മാർക്കു/പുത്രികൾക്കു/ഭാര്യമാർക്കു / സഹോദരിമാർക്കു വേണ്ടി രാമവർമ്മപുരം ഹിന്ദി ടെയിനിംഗ് കാളേജിൽ 5 സീറ്റും സംവരണം ചെയ്തിട്ടുണ്ടു്.

വർഷാവസാനപരീക്ഷയിൽ തോൽക്കുന്ന വിദ്യാർത്ഥിക്കു അയാളുടെ സ്കോളർഷിപ്പു് തുടർന്നു കിട്ടുകയില്ലെന്നാണു് സംസ്ഥാന ഗവണ്മെന്റു് സ്കോളർഷിപ്പു് സംബന്ധിച്ചു നേരത്തെ സ്വീകരിച്ചിട്ടുള്ള ചട്ടങ്ങളിൽ പറയുന്നതു്. എന്നാൽ, സ്കോളർഷിപ്പു് ലഭിക്കുന്ന ജവാന്റെ സന്താനങ്ങൾക്കു അവർ വർഷാവസാന പരീക്ഷയിൽ തോൽക്കുന്നതായാൽക്കൂടി സ്കോളർഷിപ്പു തുടർന്നുകിട്ടുന്നതാണെന്നു് ഗവണ്മെന്റുത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. പക്ഷേ, സ്ഥാപനത്തിന്റെ മേധാവി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധപാർശ ചെയ്തിരിക്കണം. ഒരു പ്രാവശ്യം മാത്രം തോറ്റാൽ ഇതു തുടരുന്നതും, ഈ ആനുകൂല്യം അടിയന്തിരാവസ്ഥ നിലനിൽക്കുന്നിടത്തോളം മാത്രം ഉണ്ടായിരിക്കുന്നതുമാണു്.

ജവാന്റെ ആശ്രിതർക്കു മേൽ വിവരിച്ചതിനുപുറമെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കൂടി നൽകുന്നതിനു ഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നു. ആക്ടീവു് സർവ്വീസിലിരിക്കുന്നവരോ മരിച്ചുപോയവരോ അംഗഭംഗംവന്നവരോ ആയ ജവാന്മാരുടെ ഭാര്യമാർക്കും സന്താനങ്ങൾക്കും ആശ്രിതർക്കും അവർ ടി. ടി. സി. ട്രെയിനിംഗ്, നഴ്സറി ട്രെയിനിംഗ് കഴിക്കുകയാണെങ്കിൽ മുഴുവൻ ഫീസും സൗജന്യം.

ആനുകൂല്യം ലഭിക്കുന്ന എല്ലാവർക്കും വിദ്യാഭ്യാസവകുപ്പു നടത്തുന്ന എല്ലാ പബ്ലിക് പരീക്ഷകൾക്കും പരീക്ഷാഫീസ് കൊടുക്കുന്നതിൽനിന്നു ഒഴിവു്.

ഇന്നത്തെ അടിയന്തിരാവസ്ഥയിൽ സമരമുഖത്തുവച്ചു മരണമടഞ്ഞവരോ അംഗഭംഗംവന്നവരോ ആയ ജവാന്മാരുടെ സന്താനങ്ങൾക്കു പുസ്തകങ്ങളും മറ്റും വാങ്ങുന്നതിനു താഴെപ്പറയുന്ന തരത്തിലുള്ള അലവൻസുകളും.

എൽ. പി. സ്കൂളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ഓരോ വർഷവും	10 രൂപ.
യു. പി. സ്കൂളിൽ	15 രൂപ.
ഹൈസ്കൂളിൽ	25 രൂപ.
ടി. ടി. സി. കോഴ്സിനു	30 രൂപ.
പ്രീ യൂണിവേഴ്സിറ്റി	40 രൂപ.
ഡിഗ്രി ക്ലാസ്സു്	50 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

നഴ്സുമാരുടെ ടെയിനിംഗ്, ആക്സിലറി നഴ്സ് മിഡ്വൈഫ് മാരുടെ ടെയിനിംഗ്, ഹെൽത്ത് വിസിറ്റർമാരുടെ ടെയിനിംഗ്, എമർജൻസി നഴ്സിംഗ് എയിഡുകളുടെ ടെയിനിംഗ് മുതലായ വിവിധ ടെയിനിംഗ് കോഴ്സുകൾക്കുള്ള ആകെ സീറ്റുകളുടെ എണ്ണത്തിന്റെ പത്തുശതമാനം ജവാന്മാരുടെ ഭാര്യമാർക്കും കുട്ടികൾക്കും സംവരണം ചെയ്യണമെന്ന ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരം കോഴ്സുകൾക്കുള്ള തിരഞ്ഞെടുപ്പിനു് യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാരോ കുട്ടികളോ ഇല്ലെങ്കിൽ മാത്രമെ ഈ സീറ്റുകളിലേയ്ക്കു് മറ്റു അപേക്ഷകരെ എടുക്കുകയുള്ളൂ.

ജവാന്മാരുടെ കുട്ടികൾക്കു് വ്യവസായിക പരിശീലന സ്ഥാപനത്തിൽ സീറ്റുകളുടെ പത്തുശതമാനം സംവരണം ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ ഫിഷർമെൻ കമ്മ്യൂണിറ്റിയിൽപ്പെട്ട പട്ടാളക്കാരുടെ സന്താനങ്ങൾക്കു് മുൻഗണന നൽകുന്നതിനു് ഉത്തരവായിട്ടുണ്ടു്.

5. വ്യവഹാരം: ജവാന്മാരെ സംബന്ധിക്കുന്ന സിവിൽ വ്യവഹാരങ്ങളുടെ കാര്യത്തിൽ നടപടി നിത്തൽചെയ്യുക മുതലായ കാര്യങ്ങൾ അനുവദിക്കുന്ന ഇൻഡ്യൻ സൈനിക (വ്യവഹാര) ആക്ടിന്റു വീണ്ടും പ്രസിദ്ധപ്പെടുത്തുകയും, ഈ സംസ്ഥാനത്തെ എല്ലാകോടതികളുടേയും ശ്രദ്ധയിൽ അതു കൊണ്ടുവരികയും, ആക്ടിൽ ഉദ്ദേശിച്ച ആനുകൂല്യങ്ങൾ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന പട്ടാളക്കാർക്കു് ബാധകമാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ടു്.

6. എസ്. എസ്. എൽ. സി. മാത്രം പാസ്സായിട്ടുള്ള ജവാന്മാരുടെ ഭാര്യമാരെ പ്രൈമറി സ്കൂൾ അദ്ധ്യാപകരായി നിയമിക്കണമെന്ന ആവശ്യപ്പെട്ടിട്ടുണ്ടു്: പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ നിയമനം പബ്ലിക്കു് സർവ്വീസു് കമ്മീഷനാണു നടത്തുന്നതു്. അതുകൊണ്ടു് അദ്ധ്യാപകരായി നിയമിക്കുന്നതിനു് പബ്ലിക്കു് സർവ്വീസു് കമ്മീഷനു് അപേക്ഷകളയയ്ക്കുവാൻ നിർദ്ദേശങ്ങൾകൊടുത്തിട്ടുണ്ടു്.

7. വൈദ്യസഹായം: ജവാന്മാരുടെ കുടുംബങ്ങൾക്കുള്ള വൈദ്യസഹായം സംബന്ധിച്ച ചട്ടങ്ങൾ നിർണ്ണയിച്ചിട്ടുണ്ടു്.

8. മറ്റാനുകൂല്യങ്ങൾ: സീമൻറിനും മറ്റു നിയന്ത്രിത സാധനങ്ങൾക്കും പെർമിറ്റു നൽകുന്നതിനു് പട്ടാളക്കാർ അവരുടെ കമാൻറിംഗ് ആഫീസറന്മാരുടെ ശുപാർശയോടുകൂടി ബോധിപ്പിക്കുന്ന എല്ലാ അപേക്ഷകൾക്കും അങ്ങേയറ്റത്തെ മുൻഗണന നൽകിവരുന്നുണ്ടു്.

ചീനവലകളും ഊന്നിവലകളും അനുവദിക്കുന്ന കാര്യത്തിൽ മറ്റു നിർദ്ദിഷ്ട യോഗ്യതകളുണ്ടെങ്കിൽ മീൻപിടുത്ത സമുദായത്തിലുള്ള ജവാന്മാരുടെ കുടുംബാംഗങ്ങൾക്കു് മുൻഗണന നൽകുന്നുണ്ടു്.

മത്സ്യബന്ധനത്തിനുള്ള ബോട്ടുകളിൽ സാങ്കേതിക പരിശീലനം നൽകുന്നതിനും, ഇൻസ്റ്റാൾമെൻറു വ്യവസ്ഥയിൽ ബോട്ടുകൾ അനുവദിക്കുന്നതിനും മീൻപിടുത്ത സമുദായത്തിൽപ്പെട്ട പട്ടാളക്കാരുടെ കുടുംബാംഗങ്ങൾക്കു് മുൻഗണന നൽകുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly